പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4091 20/03/2018 ൽ മറുപടിക്ക്

# കൃഷിഭവനുകളിൽ നിലവിലുള്ള തസ്തികകൾ

**ചോദ്യം** **മറുപടി**

ശ്രീ. ഡി.കെ.മുരളി:

ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി)

(എ) കൃഷിഭവനുകളിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും എത്ര വീതമെന്നും വ്യക്തമാക്കാമോ;

(എ) കൃഷി ഭവനുകളിൽ നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളും ജില്ലതിരിച്ചുള്ള എണ്ണവും ചുവടെ ചേർക്കുന്നു.

| ജില്ല | തസ്തിക | | | | | |
|---|---|---|---|---|---|---|
| | കൃഷി ആഫീസർ | കൃഷി ഫീൽഡ് ആഫീസർ | കൃഷി അസിസ്റ്റന്റ് | ക്ലർക്ക് | ആഫീസ് അറ്റൻഡന്റ് | പാർട്ട് ടൈം സ്വീപ്പർ |
| തിരുവനന്തപുരം | 84 | 5 | 252 | - | - | 79 |
| കൊല്ലം | 76 | 2 | 221 | 16 | 20 | 59 |
| പത്തനംതിട്ട | 56 | 2 | 147 | 10 | 11 | 39 |
| ആലപ്പുഴ | 73 | 5 | 207 | 4 | 3 | 56 |
| കോട്ടയം | 79 | 4 | 198 | - | - | 50 |
| എറണാകുളം | 89 | 8 | 240 | - | - | 95 |
| ഇടുക്കി | 52 | 1 | 145 | - | - | 45 |
| തൃശ്ശൂർ | 98 | 7 | 285 | - | - | 28 |
| മലപ്പുറം | 104 | 4 | 295 | - | - | 46 |
| പാലക്കാട് | 92 | 3 | 261 | - | - | 65 |
| കോഴിക്കോട് | 79 | 2 | 228 | - | - | 46 |
| കണ്ണൂർ | 87 | 2 | 235 | - | - | 39 |
| വയനാട് | 26 | - | 70 | - | - | 25 |
| കാസർഗോഡ് | 39 | 2 | 108 | - | - | 26 |
| **ആകെ** | **1034** | **47** | **2892** | **30** | **34** | **698** |

| | | | |
|---|---|---|---|
| (ബി) | 2015 മുതൽ നാളിതുവരെ അപ്രകാരം അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്നു വെളിപ്പെടുത്താമോ; | (ബി) | കൃഷി അസിസ്റ്റന്റ് തസ്തികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (സി) | എങ്കിൽ ഏതു സാഹചര്യത്തിലെന്ന് വ്യക്തമാക്കാമോ; | (സി) | തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ 2016-17-ലെ പൊതു സ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ കൃഷി അസിസ്റ്റന്റുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോടതി ഉത്തരവ് പ്രകാരം കൃഷി അസിസ്റ്റന്റുമാരെ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ തന്നെ നിലനിർത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ അപ്രകാരം അധികം ജീവനക്കാർ ഏതൊക്കെ കൃഷിഭവനുകളിൽ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, വെള്ളനാട്, നന്ദിയോട്, നെല്ലനാട്, പഴയകുന്നുമ്മേൽ, വട്ടിയൂർക്കാവ്, അതിയന്നൂർ, കുറ്റിച്ചൽ, കല്ലിയൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ അധികം ജീവനക്കാർ ഉണ്ടായിരുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 12 കൃഷി അസിസ്റ്റന്റുമാർ അനുവദിക്കപ്പെട്ട എണ്ണത്തേക്കാൾ കൂടുതലായി പാറശ്ശാല, കാരോട്, അതിയന്നൂർ, കോട്ടുകാൽ, മാറനല്ലൂർ, മലയിൻകീഴ്, നെല്ലനാട്, മുദാക്കൽ, കടയ്ക്കാവൂർ, കല്ലറ, കുറ്റിച്ചൽ എന്നീ കൃഷി ഭവനുകളിലും പ്രിൻസിപ്പൽ കൃഷി ആഫീസ്, തിരുവനന്തപുരത്തും ജോലി ചെയ്തുവരുന്നു. പാലക്കാട് ജില്ലയിൽ പിരായിരി, കണ്ണാടി, നെന്മാറ എന്നീ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ അധികം ജീവനക്കാർ ടി കാലയളവിൽ ഉണ്ടായിരുന്നു. |
| (ഇ) | അത്തരമൊരു സാഹചര്യത്തിൽ, പ്രസ്തുത ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ തുക ശമ്പളയിനത്തിൽ നൽകേണ്ടി വന്നിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ഇ) | പ്രസ്തുത ജീവനക്കാർക്ക് അനുവദനീയമായതിൽ കൂടുതൽ തുക ശമ്പളയിനത്തിൽ നൽകേണ്ടി വന്നിട്ടില്ല. തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ അനുവദിക്കപ്പെട്ട എണ്ണത്തിൽ കൂടുതൽ കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്തിരുന്നുവെങ്കിലും കൃഷി അസിസ്റ്റന്റുമാരുടെ മൊത്തം അംഗീകൃത തസ്തികകളിൽ നിന്നും ഇവ അധികരിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ തുക ശമ്പളമായി നൽകേണ്ടി വന്നിട്ടില്ല. |

**സെക്ഷൻ ഓഫീസർ**